"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്-മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കരാർ അടിസ്ഥാനത്തിൽ നിയമിതരായ ജീവനക്കാർക്ക് യാത്രാബത്ത അനുവദിക്കുന്ന കാറ്റഗറി സംബന്ധിച്ച് സ്പഷ്ടീകരണം നൽകി ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.2424/2024/LSGD തീയതി,തിരുവനന്തപുരം, 10-12-2024

പരാമർശം:-

1. സ.ഉ.(സാധാ)നം.4342/2008/ ത.സ്വ.ഭ.വ തീയതി 17.12.2008
2. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 18.04.2024-ലെ എൻ.ആർ.ഇ.ജി.എ/222/2024-എ1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കരാർ വ്യവസ്ഥയിൽ നിയമിതരായ അക്കൗണ്ടന്റ്-കം-ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർക്ക് ഔദ്യോഗിക യാത്രകൾക്ക് ഗ്രേഡ്-3 ജീവനക്കാർക്ക് നൽകുന്ന യാത്രാപ്പടി അനുവദിച്ച് പരാമർശം(1) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും എന്നാൽ പദ്ധതിയ്ക്ക് കീഴിലെ മറ്റ് കരാർ ജീവനക്കാർക്ക് ഏത് കാറ്റഗറിയിൽ ഉൾപ്പെടുത്തി യാത്രാബത്ത അനുവദിക്കണമെന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവുകൾ നിലവിലില്ല എന്നത് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നുണ്ട് എന്നും ഇക്കാര്യത്തിൽ സ്പഷ്ടീകരണം നൽകണമെന്നും പരാമർശം(2) കത്ത് പ്രകാരം മിഷൻ ഡയറക്ടർ അപേക്ഷിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കരാർ അടിസ്ഥാനത്തിൽ നിയമിതരാകുന്ന താൽക്കാലിക ജീവനക്കാർക്ക് യാത്രാബത്ത അനുവദിക്കുന്നത് സംബന്ധിച്ച് KSR-ൽ പ്രത്യേകം വ്യവസ്ഥയില്ല എന്നതിനാൽ, കരാർ തസ്തികയ്ക്ക് സർക്കാർ അനുമതിയോടെ ഗ്രേഡ് നിശ്ചയിച്ചതിനു ശേഷം കെ.എസ്.ആർ. പാർട്ട് I റൂൾ 8-ന്റെ അടിസ്ഥാനത്തിൽ Appendix I Model form of Agreement പ്രകാരം കരാറിൽ യാത്രാബത്ത അനുവദിക്കുന്നത് സംബന്ധിച്ച് വ്യവസ്ഥ ഉൾപ്പെടുത്തി മാത്രമേ ടി ജീവനക്കാർക്ക് യാത്രാബത്ത അനുവദിക്കാൻ കഴിയൂ.

3. മേൽ വിവരിച്ച സാഹചര്യത്തിൽ, യാത്രാപ്പടി അനുവദിക്കുന്നതിനായി വിവധ തസ്തികൾക്ക് ചുവടെ പറയുന്ന വിധം ഗ്രേഡ് നിശ്ചയിച്ച് ഉത്തരവാകുന്നു.

| ക്രമനം | തസ്തിക | നിലവിലെ വേതനം | യാത്രാബത്ത നൽകുന്നതിന് ഉൾപ്പെടുത്തേണ്ട Grade |
|---|---|---|---|
| 1. | സ്റ്റേറ്റ് ഐ.ടി.പി | 35300 | Grade III |
| 2. | ഇ.എഫ്.എം.എസ് കമ്പ്യൂട്ടർ | 24040 | Grade IV |

| | | | |
|---|---|---|---|
| | ഓപ്പറേറ്റർ | | |
| 3. | അസിസ്റ്റന്റ് | 21175 | Grade IV |
| 4. | ഡിസ്ട്രിക്ട് എഞ്ചിനീയർ | 44020 | Grade II(b) |
| 5. | ഐ.ടി പ്രൊഫഷണൽ- ജില്ല | 31460 | Grade III |
| 6. | അക്രഡിറ്റഡ് എഞ്ചിനീയർ | 31460 | Grade III |

പരാമർശം (1) ഉത്തരവ് പ്രകാരം, അക്കൗണ്ടന്റ്-കം-ഐടി അസിസ്റ്റന്റ് തസ്തികയ്ക്ക് ഗ്രേഡ് നിശ്ചയിച്ചിട്ടുള്ളതാണ്. ഓവർസിയർ തസ്തികയ്ക്ക് കരാർ വേതനത്തിന് പുറമേ 1500/- രൂപ പ്രതിമാസ യാത്രാബത്ത നൽകി വരുന്നതിനാൽ, ടി തസ്തികയ്ക്ക് ഗ്രേഡ് നിശ്ചയിച്ച് നൽകാൻ നിർവ്വാഹമില്ല.

4. ചുവടെ പറയുന്ന നിബന്ധനകൾക്ക് വിധേയമായിട്ടാവണം കരാർ ജീവനക്കാർക്ക് യാത്രാപ്പടി അനുവദിക്കേണ്ടത്.

i. KSR Part 1 റൂൾ 8-ന്റെ അടിസ്ഥാനത്തിലുള്ള Appendix 1 Model form of Agreement അനുസരിച്ചുള്ള കരാറിൽ ഏർപ്പെടേണ്ടതാണ്.

ii. കെ.എസ്.ആർ.ഭാഗം II ചട്ടങ്ങൾ പൂർണ്ണമായും പാലിച്ച് കൊണ്ടായിരിക്കണം യാത്രാബത്ത അനുവദിക്കേണ്ടത്.

iii. യാത്രാബത്ത അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിബന്ധനകൾ കരാർ ജീവനക്കാർക്കും ബാധകമായിരിക്കും.

iv. സർക്കാർ നിശ്ചയിച്ചിട്ടുള്ള യാത്രാബത്ത പരിധിക്കുള്ളിൽ (TA ceiling limit) നിന്നു മാത്രമേ യാത്രാബത്ത ക്ലെയിം മാറി നൽകാൻ പാടുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാർക്കും (മിഷൻ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്/സെക്രട്ടറിമാർക്കും (മിഷൻ ഡയറക്ടർ മുഖേന)
ധനകാര്യ (ഡെവലപ്മെന്റ്) വകുപ്പ് (e-2817830/ഡവ-1/104/2024-ധന തീയതി 29.10.2024)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
എല്ലാ MGNREGA ഓംബുഡ്സ്പേഴ്സൺമാർക്കും
അപ്പലേറ്റ് അതോറിറ്റി, MGNREGA ഓംബുഡ്സ്പേഴ്സൺ
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Nisam N
Date: 11-12-2024 10:44:37

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി